10 a.m. അതിന് മറുപടി പറയുന്ന തൊഴിൽ വകുപ്പുമന്ത്രി കൊല്ലം ജില്ലാക്കാരനാണ്, അദ്ദേഹത്തിനറിയാം ഈ കമ്പനിയുടെ സ്ഥിതി. മദ്ധ്യകേരളത്തിലെ ഏറ്റവും പഴക്കം ചെന്ന, ഏറ്റവും പ്രധാനപ്പെട്ട ഒരു കമ്പനിയാണ് ഇത്. ഏതാണ്ട് 1,500 ഓളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ആ കമ്പനിയെ മാത്രം ആശ്രയിച്ച് ആണ് ജീവിക്കുന്നത്. ഇന്ന് ആ കമ്പനിയിൽ ഒരു സമരം നടന്നുകൊണ്ടിരിക്കുകയാണ്. മാനേജ്മെന്റ് നേരത്തേ തീരുമാനിച്ചത് അനുസരിച്ച് ഒരു ദീർഘകാല കരാർ, തൊഴിലാളികളുമായി ചർച്ച ചെയ്ത് അംഗീകരിച്ച് നടപ്പാക്കാതെ ഇന്ന് മാനേജ്മെന്റ് ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചാണ് ഒരു സമരം കമ്പനിയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഏതാണ്ട് നൂറിയൻപത്, ഇരുന്നൂറോളം തൊഴിലാളികളെ സ്ഥിരപ്പെടുത്താത്തതു കാരണം അവർക്ക് ജോലി സ്ഥിരത ലഭിച്ചിട്ടില്ല. അവിടെ നിന്നു പിരിഞ്ഞുപോയ—1978 മുതൽ പിരിഞ്ഞുപോയ—ഏതാണ്ട് ഇരുനൂറൻപത്, മുന്നൂറോളം തൊഴിലാളികൾക്ക് ഇതുവരെ ഗ്രാറ്റുവിറ്റിയും പ്രോവിഡൻറ് ഫണ്ടും ലഭിച്ചിട്ടില്ല. ഇത്രയും നാൾ ഒരു കമ്പനിയിൽ പണിയെടുത്തതിനുശേഷം അവിടെനിന്ന് പിരിഞ്ഞുപോയി, ആ തുക മേടിച്ച് മറ്റ് കാര്യങ്ങളെന്തെങ്കിലും ചെയ്യാമെന്ന് ആഗ്രഹിച്ചിരിക്കുന്ന എത്രയോ കുടുംബങ്ങൾ ഇന്ന് പട്ടിണിയിലാണ്. അതുകൊണ്ട് ദീർഘകാല കരാർ അടിയന്തിരമായി നടപ്പാക്കണം. ഗവൺമെൻറ് ഈ ഗുരുതരമായ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടണം. അവിടെ നടന്നുകൊണ്ടിരിക്കുന്ന ആ സമരം ഒത്തുതീർപ്പിലാക്കണം. താല്ക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണം. അവർക്ക് വേണ്ടുന്ന മുഴുവൻ നടപടികളും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉടനടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, പുനലൂർ പേപ്പർ മില്ലിൽ—സമരമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് എന്നറിയില്ല—ഒരു ധർണ്ണ ആഫീസിനു മുമ്പിൽ നടക്കുന്നുണ്ട്. ഒരു ലോംഗ്ടേം സെറ്റിൽമെൻറ് എത്രയുംവേഗം ഉണ്ടാക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. ലോംഗ്ടേം സെറ്റിൽമെൻറിന്റെ കൺസിലിയേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. കൊല്ലത്ത് ഇന്ന് 10 മണിക്ക് കൺസിലിയേഷൻ വച്ചിട്ടുണ്ട്. എത്രയും വേഗം ആ കൺസിലിയേഷൻ നടപടികളും പൂർത്തിയാക്കി ഒരു സെറ്റിൽമെൻറ് ഉണ്ടാക്കുന്നതിന് ഗവൺമെൻറിനാകാവുന്ന എല്ലാ ശ്രമവും നടത്തിയിട്ടുണ്ട്. അതുപോലെതന്നെ സ്റ്റാറ്റ്യൂട്ടറി ബനിഫിറ്റ്സ് നൽകുന്നില്ല എന്നൊരു പരാതിയുണ്ട്. ഞാൻതന്നെ വിളിച്ചു കൂട്ടിയ ഒരു കോൺഫറൻസിൽ എത്രയും വേഗം അത് നൽകണമെന്ന് അവരോട് ആവശ്യപ്പെട്ടിരുന്നതാണ്. അത് നൽകുന്നതിനാവശ്യമായ സമ്മർദ്ദം ഗവൺമെൻറിൽനിന്നും ചെലുത്തുന്നതുമാണ്.

(5) മറയല്ലൂർ, കാന്തല്ലൂർ, വട്ടവട പ്രദേശത്തെ വരൾച്ച

ശ്രീ. ജി. വരദൻ: சார், மதிப்பிற்குரிய ரெவன்யூ அமைச்சர் அவர்களுடைய கவனத்திற்காக நான் சிலவற்றை கூற விரும்புகிறேன். வட்டவடை, காந்தலூர், மறையூர் என்று மூன்று பஞ்சாயத்துகள் உள்ளன. இந்த மூன்று பஞ்சாயத்துகளிலும் மழை இல்லாததினால் அங்கு செய்யப்பட்ட விவசாயங்கள் எல்லாம் பாழாகி விட்டன. ஆகையால் அங்குள்ள விவசாயிகள் மிகவும் கஷ்டப்படுகிறார்கள். அவர்கள் வங்கிகளிலிருந்தும் கோவாப்பரேட்டிவ் சொஸைட்டிகளிலிருந்தும் தேசியமயமாக்கப்பட்ட பேங்குகளிலிருந்தும் கடன் வாங்கின பணத்தை திருப்பி அடைக்க முடியாமல் கஷ்டப்படுகிறார்கள். அவர்களுக்கு

LIBRARY ARCHIVES Kerala Legislative Assembly

തേവയാന ഉതവികളേ റെവന്യൂ അമൈച്ചർ അവർകൾ ചെയ്യ വേണ്ടുമെന്റു കേട്ടുക് കൊൾവതോടു ഇന്ത മൂന്റു പഞ്ചായത്തുകളിലും ഉൾള ഹരിജന മക്കളുടെയ കഷ്ടത്തയും കൂറ വിരുമ്പുകിറേൻ. അതാവതു അവർകളുക്കു വീടു കെട്ടുവതർക്കു കണിചമാന തൊകൈ കൊടുക്ക വേണ്ടും. അന്ത തൊകൈയൈക് കൊടുപ്പതർക്കു തേവയാന നടവടിക്കൈകളേ മാർച് 31-ർക്കുൾ എടുക്ക വേണ്ടും. അങ്കുൾള റെവന്യൂ റിക്കവറി ഉത്തിയോകസ്തർകൾ അന്ത ഏഴൈ ഹരിജന മക്കളേ തൊന്തരവു ചെയ്തുകൊണ്ടിരുക്കിറാർകൾ. ആകൈയാൽ റെവന്യൂ അമൈച്ചർ അവർകൾ റിക്കവറിക്കാന നടവടിക്കൈകളേ നിറുത്തി വൈപ്പതർകാന ഉത്തരവൈ ഉടനടിയാക വിടുക്കി ജില്ലാ കലൈക്ടരുക്കു കൊടുക്കുംപടി കേട്ടുക്കൊൾകിറേൻ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ശ്രീ. വരദൻ പറഞ്ഞ മറയൂർ, കാന്തല്ലൂർ, വട്ടവട ഈ മൂന്നു പഞ്ചായത്തുകളും വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥിരമായി വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇത്തവണയും അവിടെ കൃഷിക്കാർക്ക് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കുറേ തുക ഇതിനോടകം അവിടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ അവിടെ പാവപ്പെട്ട ആളുകൾക്ക് വീടു വച്ചുകൊടുക്കാനുള്ള ഏർപ്പാടുകളും ഉണ്ട്. ഏറ്റവും വേഗം അവിടത്തെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി ഏപ്രിൽമാസം ആദ്യം മൂന്നാറിൽതന്നെ ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. അവിടെ റവന്യൂ റിക്കവറി നടപടികളും പരിപൂർണ്ണമായി നിറുത്തിവച്ചിട്ടുണ്ട്.

(6) ചിറയിൻകീഴ് പോലീസ് സ്റ്റേഷനിലെ പോലീസ് മർദ്ദനം

ശ്രീ. പി. വിജയദാസ് : ഈ കഴിഞ്ഞ 17-ാം തീയതി രാത്രി ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ ബാസി എന്നു പറയുന്ന ഒരു യുവാവിനെ വിളിച്ചു കൊണ്ടുപോയി ക്രൂരമായി, മൃഗീയമായി മർദ്ദിച്ച് അവശനാക്കി പിറേന്ന് രാത്രി ഒൻപത് മണിക്കാണ് വിട്ടത്. ശരീരത്തിനുള്ളിൽ പുറത്ത് ഇറങ്ങി നടക്കാൻപോലും കഴിയാത്ത നിലയിൽ അദ്ദേഹത്തെ നേരെ ചിറയിൻകീഴ് ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്. അവിടെനിന്നും നേരെ മെഡിക്കൽകോളേജിൽ കൊണ്ടുപോകാൻ ഡോക്ടർ നിർദ്ദേശിച്ചതനുസരിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി ഇപ്പോഴും ചികിൽസയിലാണ്. സ്വന്തം ഭാര്യയുടെ അച്ഛന്റെ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ആണ് ഈ യുവാവിനെ പോലീസ് സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയത്. ആ പോലീസ് സ്റ്റേഷനിലെ രണ്ട് കോൺസ്റ്റബിൾമാരായ ശ്രീ. സോമശേഖരൻ നായരും ശ്രീ. ശശിയുംകൂടിച്ചേർന്നാണ് ഇത്ര ക്രൂരമായി ആ യുവാവിനെ മർദ്ദിച്ച് അവശനാക്കിയത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ചിരിക്കുന്നു എന്ന് പറയുന്ന ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കുന്നു, ഒരു പുതിയ ഉപകരണംകൂടി ഇപ്പോൾ പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിനു ഉപയോഗിക്കുന്നു. ശംഖ്! അമ്പലങ്ങളിൽ ഊതാൻ ഉപയോഗിക്കുന്ന ശംഖ് ഇപ്പോൾ പോലീസ്സ്റ്റേഷനിൽ മർദ്ദനത്തിനുപയോഗിക്കുന്നു! ആ ശംഖ് വച്ച് യുവാവിന്റെ ശരീരം മുഴുവൻ ഇടിച്ച് പാടുണ്ടാക്കി ഇപ്പോഴും മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. ഒരു പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഒരു യുവാവിനെ കൊണ്ടുപോയി ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly